

# ചിക്കാഗോയിലെ സാമൂഹിക പ്രവർത്തകർക്ക് ചിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ്

**ജോസ് കണിയാലി**

ചിക്കാഗോ: ചിക്കാഗോ മലയാളി സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ സേവനം ചെയ്യുന്ന വ്യക്തിത്വങ്ങളെ ചിക്കാഗോ പൗരാവലിയുടെ നേതൃത്വത്തിൽ ആദരിച്ചു. സെപ്റ്റംബർ 14-ന് തിങ്കളാഴ്ച വൈകുന്നേരം മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളിവക ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു സമ്മേളനം. അവാർഡുദാന ചടങ്ങുകളിൽ നിന്നും വ്യത്യസ്തമായ രീതിയിലായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്.

ശാന്തി ജെയ്സന്റെ പ്രാർത്ഥനാ ഗാനത്തോടെ സമ്മേളനം ആരംഭിച്ചു. ജോസ് കണിയാലി (കേരളാ എക്സ്പ്രസ്) ആയിരുന്നു എം.സി. പ്രോഗ്രാമിന്റെ മുഖ്യ സംഘാടകൻ സണ്ണി വള്ളിക്കളം സ്വാഗതം ആശംസിച്ചു. ബിഷപ് മാർ ജോയി ആലപ്പാട്ട്, ജലസേചന മന്ത്രി മോൻസ് ജോസഫ്, ജോസ് കെ. മാണി എംപി, സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളി വികാരി ഫാ. സിജു മുടക്കോടിൽ എന്നിവർ മുഖ്യാതിഥികളായിരുന്നു.

കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, വാചകം ചീഫ് എഡിറ്റർ ജോസ് ചെന്നിക്കര, സിറിയക് കൂവക്കാട്ടിൽ, പീറ്റർ കുളങ്ങര, സതീശൻ നായർ, അനിൽകുമാർ പിള്ള, ജോസ് ചാമക്കാല സി.പി.എ, മോനു വർഗീസ്, പ്രിൻസ് തോമസ്, ചിനു തോട്ടം, തോമസ് ഒറ്റക്കുന്നേൽ, വക്കച്ചൻ പുതുക്കുളം, ജോൺസൺ കണ്ണൂക്കാടൻ, അനിൽ മറ്റത്തിക്കുന്നേൽ എന്നിവരെ വിശിഷ്ടാതിഥികളായ മാർ ജോയി ആലപ്പാട്ട്, മന്ത്രി മോൻസ് ജോസഫ്, ജോസ് കെ. മാണി എംപി എന്നിവർ പൊന്നാടയണിയിച്ച് ആദരിച്ചു.

ഹാൻഡികാപ്പ് എഡ്യൂക്കേഷണൽ അസിസ്റ്റൻസ് പ്രോഗ്രാമിന്റെ ബ്രാൻഡ് അംബാസിഡറായ നിഷ ജോസ് കെ. മാണി, സോണിയ മോൻസ് എന്നിവരെ ചിക്കാഗോ പൗരാവലിയുടെ പേരിൽ ബിഷപ് മാർ ജോയി ആലപ്പാട്ട് ആദരിച്ചു. പീറ്റർ കുളങ്ങര പ്രോഗ്രാമിനെക്കുറിച്ച് വിശദീകരിച്ചു.

കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, പ്രോഗ്രാമിന്റെ മുഖ്യ സംഘാടകരായ സണ്ണി വള്ളിക്കളം, ജോൺ പാട്ടപ്പതി, പീറ്റർ കുളങ്ങര, അഗസ്റ്റിൻ ആലപ്പാട്ട് എന്നിവരെയും വിശിഷ്ടാതിഥികൾ ആദരിക്കുകയും വ്യത്യസ്തമായ രീതിയിൽ ഈ സമ്മേളനം സംഘടിപ്പിച്ചതിൽ അഭിനന്ദിക്കുകയും ചെയ്തു. സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു.

സണ്ണി വള്ളിക്കളത്തിന്റെ ആശയത്തിൽ നിന്നാണ് ഈ പ്രോഗ്രാം സംഘടിപ്പിക്കപ്പെട്ടത്.

**ഫോട്ടോ: മോനു വർഗീസ്**


മാർ ജോയി ആലപ്പാട്ട്


മന്ത്രി മോൻസ് ജോസഫ്


ജോസ് കെ. മാണി എംപി


ഫാ. സിജു മുടക്കോടിൽ


ജോസ് കണിയാലി


സണ്ണി വള്ളിക്കളം


ജോൺ പാട്ടപ്പതി


പീറ്റർ കുളങ്ങര


ശാന്തി ജെയ്സൺ



# ചിക്കാഗോയിലെ സാമൂഹിക പ്രവർത്തകർക്ക് ചിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ് ചിത്രങ്ങളിലൂടെ...


കെ.എം. ഈപ്പൻ


നിഷ ജോസ് കെ. മാണി


സോണിയ മോൻസ്


സിറിയക് കൂവക്കാട്ടിൽ


ജോസ് ചെന്നിക്കര


സണ്ണി വള്ളിക്കളം


ജോസ് കണിയാലി


പീറ്റർ കുളങ്ങര


ജോൺ പാട്ടപ്പതി


അഗസ്റ്റിൻ ആലപ്പാട്ട്


ജോസ് ചാമക്കാല സിപിഎ


വക്കച്ചൻ പുതുക്കുളം


മോനു വർഗീസ്


അനിൽകുമാർ പിള്ള


സതീശൻ നായർ


അനിൽ മറ്റത്തിക്കുന്നേൽ


ജോൺസൺ കണ്ണൂക്കാടൻ


പ്രിൻസ് തോമസ്


തോമസ് ഒറ്റക്കുന്നേൽ


ചിന്നു തോട്ടം

# ചിക്കാഗോയിലെ സാമൂഹിക പ്രവർത്തകർക്ക് ചിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ് ചിത്രങ്ങളിലൂടെ...

